LIBRARY ARCHIVES Kerala Legislative Assembly

വിദേശമലയാളികളുടെ സഹായത്തോടുകൂടി കേരളത്തിന്റെ വികസന ആവശ്യങ്ങൾക്ക് പ്രത്യേക ഫണ്ട്

9 [1978] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു:

,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശമലയാളികളുടെ സഹായത്തോടുകൂടി കേരളത്തിന്റെ വികസന ആവശ്യങ്ങൾക്കായി പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പ്രത്യേക ഫണ്ട് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ നിലവിലില്ല.

(ബി ആന്റ് സി) ഉദിക്കുന്നില്ല.

സർക്കാർ ഗ്യാരന്റിയുള്ള വായ്പകൾക്ക് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

10 [1979] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്യാരന്റി നൽകി വായ്പ എടുത്തിട്ടുള്ള വകുപ്പുകളിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ കുടിശ്ശിക ഓരോന്നും എന്തു തുക വീതമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം സർക്കാർ സ്ഥാപനങ്ങൾക്കാണ് ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ ജപ്തി നോട്ടീസ് ലഭിച്ചിട്ടുള്ളത്;

(ഡി) ജപ്തി നടപടി ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) 2003-2004 വർഷം വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗ്യാരന്റി കമ്മീഷനായി സർക്കാരിന് എന്തെങ്കിലും വരുമാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ—ഡി) സർക്കാർ ഗ്യാരന്റി നൽകി വായ്പ എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ വായ്പ കുടിശ്ശിക വരുത്തിയിട്ടുള്ളവയെ സംബന്ധിച്ച് സർക്കാരിനെ സാധാരണ നിലയിൽ അറിയിക്കാറില്ല. വായ്പ നൽകുന്ന ബാങ്കും വായ്പ എടുക്കുന്ന സ്ഥാപനവും തമ്മിലുള്ള ഇടപാടിൽ ഗ്യാരന്റി ഇൻവോക്ക് ചെയ്യുന്ന സാഹചര്യത്തിൽ മാത്രമെ സർക്കാരിനെ അറിയിക്കാറുള്ളൂ. ഇപ്രകാരം ഗ്യാരന്റി ഇൻവോക്ക് ചെയ്തുകഴിഞ്ഞാലും ബന്ധപ്പെട്ട ബാങ്കുമായി ചർച്ച ചെയ്ത് കുറഞ്ഞ തുകയ്ക്കും തവണകളായും തീർക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കുകയാണ് പതിവ്. ഇത് ജപ്തി നടപടികളിലേയ്ക്ക് പോകുന്നത് വളരെ ചുരുക്കമാണ്. കുന്നത്തറ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം എഴുപതുകളിൽ ഐ.എഫ്.സി.ഐ.-യിൽ നിന്നും എടുത്ത ലോണിന് സർക്കാർ ഗ്യാരന്റി നൽകിയ വകയിൽ മാത്രമാണ് ഈയടുത്ത കാലത്ത് ജപ്തി നടപടികളുണ്ടായത്. സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ടുള്ള ചില സ്ഥാപനങ്ങൾ ഗ്യാരന്റി കമ്മീഷൻ തുക അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്താറുണ്ട്.

(ഇ) ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് വരുമാനം ലഭിക്കുന്നുണ്ട്. 2003-2004 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ സർക്കാരിന് 5526.80 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളിലെ ഔദ്യോഗിക വാഹനങ്ങൾ

11 [1980] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾക്ക് സർക്കാർ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതും സംരക്ഷിക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകൾക്ക് ഇപ്പോൾ ആകെ എത്ര വാഹനങ്ങൾ ഉണ്ട്;

(സി) സർക്കാർ വാഹനങ്ങൾ യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതിനാലും നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്തു വിൽക്കാത്തതിനാലും ഭാരിച്ച നഷ്ടം സർക്കാരിനുണ്ടാകുന്ന സാഹചര്യങ്ങൾ വിലയിരുത്തുമോ;

(ഡി) കാര്യക്ഷമമായി വാഹനങ്ങൾ ഉപയോഗിക്കാത്തതിനാൽ പല വകുപ്പുകളും സർക്കാരിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആരോഗ്യം, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളിൽ നിലവിലുള്ള വാഹനങ്ങളുടെ എണ്ണവും ആവശ്യകതയും സംബന്ധിച്ച് ഒരു പരിശോധന നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly